# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2798 — 18.08.2017-ൽ മറുപടിക്ക്

### എഴുകോൺ പോളിടെക്നിക്കിന് നാഷണൽ ബ്യൂറോ അക്രഡിറ്റേഷൻ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എഴുകോൺ പോളിടെക്നിക്കിന് നാഷണൽ ബ്യൂറോ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എഴുകോൺ പോളിടെക്നിക്ക് കോളേജിന് ദേശീയ തലത്തിലുള്ള അക്രഡിറ്റേഷനു വേണ്ടി 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പദ്ധതിവിഹിതമായി തുക വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ശില്പശാലകളും പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. പാഠ്യ പാഠ്യേതര മേഖലയിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അക്രഡിറ്റേഷനു വേണ്ടിയുള്ള സാധ്യത പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് എഴുകോൺ പോളിടെക്നിക്ക് അധികൃതർക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ. അനുമതി ആവശ്യമാണ്. ആയതിനാൽ എ.ഐ.സി.ടി.ഇ. അനുമതി ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ബാദ്ധ്യതയും പ്രായോഗിക സാദ്ധ്യതയും വിലയിരുത്തിയ ശേഷം മാത്രമേ കോഴ്സ് ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ